**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1329** **06/03/2018** ൽ മറുപടിക്ക്

**വരൾച്ചയെ പ്രതിരോധിക്കാൻ നടപടി**

| ചോദ്യം<br>**ശ്രീ. രാജു എബ്രഹാം** | മറുപടി<br>**ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
|---|---|
| **എ)** ഇത്തവണത്തെ വരൾച്ചയെ പ്രതിരോധിക്കാൻ എന്തൊക്കെ നടപടികളാണ് തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; | **എ)** ഇത്തവണത്തെ വരൾച്ചയെ പ്രതിരോധിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പൊതു ജലാശയങ്ങൾ ശുചീകരിക്കുക, ജലസ്രോതസ്സുകൾ സംരക്ഷിക്കുക, ടാങ്കറിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ലോറികൾ സജ്ജമാക്കുക, തടയണകൾ വൃത്തിയാക്കുക, പൊതുകുഴൽ കിണറുകൾ ഉപയോഗപ്രദമാക്കുക, കുടിവെള്ള വിതരണത്തിനായി കിയോസ്കുകൾ സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തികൾ നടപ്പിലാക്കി വരുന്നു. |
| **ബി)** ഉപയോഗ ശൂന്യമായ കുഴൽകിണറുകളും, കുളങ്ങളും മറ്റ് ജലസ്രോതസ്സുകളും പുനരുദ്ധരിക്കാൻ നടപടിയുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | **ബി)** ഹരിത കേരളം മിഷൻ പദ്ധതി, തൊഴിലുറപ്പ് പദ്ധതി, വാർഷിക പദ്ധതി എന്നിവയുടെ ഭാഗമായി കുളങ്ങളും കിണറുകളും പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| **സി)** മലയോരമേഖലയിലെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇവിടങ്ങളിൽ വാട്ടർ കിയോസ്കുകൾ സ്ഥിരമായി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; | **സി)** മലയോരമേഖലയിലെ ഉയർന്ന പ്രദേശങ്ങളിൽ ലോറികളിൽ കുടിവെള്ളം എത്തിക്കുന്നതിനും കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| **ഡി)** ജലമലിനീകരണം തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | **ഡി)** ജലമലിനീകരണം തടയുന്നതിനായി ചെക്കു ഡാമുകളും തടയണകളും വൃത്തിയാക്കുക, പൊതു കുടിവെള്ള സ്രോതസുകൾ വൃത്തിയാക്കുക തുടങ്ങിയ പ്രവർത്തികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികൾ പ്രകാരം ഏറ്റെടുത്തു നടത്തി വരുന്നു. കൂടാതെ, ഹരിത കേരള മിഷൻ മുഖേന കുളങ്ങൾ,തോടുകൾ, കനാലുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ